# NISH

## National Institute of Speech and Hearing

**(Recognized as "Excellent Institution" by Rehabilitation Council of India; ISO 9001-2008 Certified)**


**പത്രക്കുറിപ്പ്** **12.07.2016**

### ബധിരാന്ധതയുള്ള കുട്ടികളുടെ വിദഗ്ധ പരിചരണം :

### നിഷിന്റെ ഓൺലൈൻ സെമിനാർ 16ന്

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) 'ബധിരാന്ധതയുള്ള കുട്ടികളുടെ വിദഗ്ധ പരിചരണം' എന്ന വിഷയത്തിൽ ഓൺലൈൻ ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. സാമൂഹിക നീതി ഡയറക്ടറേറ്റിന്റെ സഹകരണത്തോടെ ജൂലൈ 16 ശനിയാഴ്ച രാവിലെ 10.30 മുതൽ ഒരുമണിവരെ നിഷ് കാമ്പസിൽ നടക്കുന്ന സെമിനാറിന തിരുവനന്തപുരം ഡെഫ് ബ്ലൈൻഡ്നെസ് ആൻഡ് ലോ വിഷൻ കൺസൽറ്റന്റ് ശ്രീമതി. ബ്രഹദ ശങ്കർ നേതൃത്വം നൽകും.

തത്സമയ വെബ് കോൺഫറൻസിങ്ങിലൂടെ സാമൂഹിക നീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിലും സെമിനാർ ലഭ്യമാകും. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് ഓൺലൈനിലൂടെ വിദഗ്ധരുമായി സംശയനിവാരണത്തിനുള്ള അവസരവുമുണ്ട്.

ജില്ലാ ഓഫീസുകളിലൂടെ സെമിനാറിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ സാമൂഹിക നീതി വകുപ്പിലെ അതത് ജില്ലാ ശിശുസംരക്ഷണ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്. നമ്പരുകൾ: തിരുവനന്തപുരം (04712345121, 9447247170), കൊല്ലം(04742791597, 8281128237), പത്തനംതിട്ട(04682319998, 9747833366), ആലപ്പുഴ (04772241644, 9447140786) , കോട്ടയം(04812580548, 9447506971), ഇടുക്കി(0486 2200108, 9496456464), എറണാകുളം( 04842609177, 9446731299), തൃശൂർ (04872364445, 9447382095), പാലക്കാട്(04912531098, 9447533690), മലപ്പുറം ( 04832978888, 9447243009), കോഴിക്കോട് (04952378920, 9496438920), വയനാട്(04936246098, 9446162901), കണ്ണൂർ (04902326199, 8289889926), കാസർഗോഡ് (04994256990, 9447580121).

തിരുവനന്തപുരം ജില്ലക്കാർ 0471 3066666 എന്ന നമ്പരിൽ നിഷിൽ നേരിട്ട് വിളിച്ചും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ http://nish.ac.in/others/news/452-nidas9 വെബ്സൈറ്റിൽ ലഭിക്കും. ഹൈസ്പീഡ് ഇന്റർനെറ്റ് കണക്ടിവിറ്റി, വെബ് ക്യാമറ, മൈക്രോഫോൺ എന്നീ സൗകര്യങ്ങളോടെ കമ്പ്യൂട്ടറുപയോഗിച്ച് രണ്ടുമണിക്കൂർ നീളുന്ന സെമിനാറിൽ പങ്കെടുക്കാം

**********************


(Registered Society of the Government of Kerala)

NISH Road, Uloor-Akkulam Road, Sreekariyam PO, Trivandrum – 695017, Kerala State, India

Phone: +91-471-306-6666; +91-471-2596919; Fax: +91-471-306-6699

Web: nish.ac.in; Email: nishinfo@nish.ac.in